# GOVERNMENT OF KERALA

## Abstract

Revenue Department- transfer of ownership of an extent of 3.0532 hectares of land acquired through Rebuild Kerala Development Programme in Adur Muchamthulli settlement and Kanjangad Ottamala settlement and 1.2788 hectares of land belonging to Survey No. 199/part of Maloth village in Kasargod District, totalling 4.332 hectares to the State Forest Department for mutating the same in the name of that Department for the Compensatory Afforestation for the proposed Edaparamba-Kolichal Hill Highway- sanction accorded - orders issued.

## REVENUE (M)DEPARTMENT

G.O.(Ms)No.32/2025/RD Dated,Thiruvananthapuram, 07-02-2025

Read 1 GO(Ms)No.308/2022/RD dated 30/12/2022.

2 GO(Ms)No.71/2024/RD dated 6/4/2024.

3 Letter No.DCKSGD/482/2018-C1 dated 27/07/2024 from District Collector, Kasargod.

4 Letter No. LR/13576/2022-LR(J1) dated 02-09-2024 from Land Revenue Commissioner.

## ORDER

As per the G.O read as 1st paper above, ownership of an extent of 4.332 Hectare of Revenue Land in R.S.No. 553 Bheemanadi village, Vellarikund Taluk in Kasargod District was transferred to Forest Department for mutating the same in the name of that Department for Compensatory Afforestation as per the guidelines issued by the Ministry of Environment, Forest and Climate Change, Government of India, in lieu of 4.332 Hectares of Forest Land to be diverted for non forest use in the Edaparamba – Kolichal Section of the Nandarapadav Cherupuzha Section of the proposed Hill Highway, which covers a total of 127.42 Km in Kasargod District.

2) Details of 4.332 hectares of land transferred and mutated in the name of Forest Department vide the said Government order was uploaded in the Parivesh Portal on 07/10/2023 by State Forest Department vide Letter No. C3/314/2023-FWLD dated 18/09/2023. Subsequently, the Integrated Regional Office (IRO) Bangalore, Ministry of Environment, Forest and Climate Change, Government of India informed that the 17.073 hectares of land proposed for the Uduppi Kasargod Transmission Line is overlapping with the land proposed for the Compensatory Afforestation for the Hill Highway Project and duplication is of land earmarked for two different projects is not permissible. It was further suggested that since the proposal submitted for Compensatory Afforestation for the transmission line project has received stage 1 approval, the said approved proposal cannot be changed and hence other land should be proposed for Compensatory Afforestation for the Hill Highway Project. Accordingly, vide the Government Order read as second paper above, GO(Ms)No.308/2022/RD dated 30/12/2022 was cancelled and ownership of an extent of 17.073 Hectares of land, including the said land, was transferred and mutated to the State Forest Department for the Compensatory Afforestation in lieu of diverting 17.073 Hectares of Forest Land for establishing 400 KV D/C Uduppi Kasargod-Transmission Line.

3) In the said circumstance, vide the letter read as 3rd paper above, the District Collector, Kasargod furnished a revised proposal through the Land Revenue Commissioner for handing over 4.332 hectares of land to the state Forest Department for Compensatory Afforestation for Edaparamba – Kolachal Hill Highway.

4) Details of the revised proposal are as follows: 1.5379 hectares of land in Adur -Muchamthulli settlement of Kasargod District and 2.1567 hectares of land in Kanjangad Ottamala settlement (total 3.6946 hectares) was acquired by the Forest Department and converted into revenue land. Though, as per deed there is 3.6946 hectares of land, as per the possession sketch made available from the Forest Department, there is 3.0532 hectares of land. Based on the report of DFO, the District Collector has informed that the 3.0532 hectares of land as per the possession sketch can be uploaded on the Parivesh portal through the user agency. As 4.332 hectares of land is needed for the Compensatory Afforestation, District Collector, has submitted the

proposal for transferring the above 3.0532 hectares of land acquired through Rebuild Kerala Development Programme and 1.2788 hectares of land belonging to Survey No 199/part of Maloth Village, totaling 4.332 hectares of land, to State Forest Department for Compensatory Afforestation. The Land Revenue Commissioner has recommended the same vide the letter read as 4th paper above.

5) As per the guidelines issued by the Ministry of Environment, Forest and Climate Change, Government of India clarifying the Forest Conservation Act 1980 and Forest Conservation Rules, 2003 it is instructed as follows:-
"Any non-forest land for the purpose of compensatory afforestation (CA), selected by the State Government, in lieu of forest land to be diverted may be accepted by MoEF&CC irrespective of crown density. All such lands shall be mutated in favour of State Forest Department and declared as protected forest prior to stage I approval."
Accordingly, the land provided for Compensatory Afforestation should be mutated in the name of State Forest Department. But all the Government lands transferred between Service Departments should be retained as Government Puramboke in the revenue records so as to get the protection of the Kerala Land Conservancy Act and proceedings under the Transfer of Registry Rules, 1966 cannot be taken under any circumstances on such lands.

6) Government have examined the matter in detail. Sanction is hereby accorded for transferring the ownership of an extent of 3.0532 hectares of land acquired through Rebuild Kerala Development Programme in Adur Muchamthulli settlement and Kanjangad Ottamala settlement in various survey numbers of Adur, Aadoor, Delampady and Panathady villages in Kasargod District as detailed below and 1.2788 hectares of land belonging to Survey No. 199/part of Maloth village totaling 4.332 hectares of land to the State Forest Department for mutating the same in favour of that Department, as per the guidelines issued by the Ministry of Environment, Forest and Climate Change, for the Compensatory Afforestation of the proposed Edaparamba - Kolichal Hill Highway.

| Sl.No. | Village | Survey No. | Extent of land possession (Hectare ) |
|---|---|---|---|
| 1 | Aadoor | 610/1 B | 0.4755 |
| | | | |

| | | | |
|---|---|---|---|
| 2 | Adur | 832/1 D | 0.38 |
| 3 | Delampady | 271/1 PT1, 271/1, 271/1 PT2 | 0.7087 |
| 4 | Panathadi | 273/1APT | 0.356 |
| 5 | Panathadi | 273/1APT | 0.304 |
| 6 | Panathadi | 273/1APT | 0.091 |
| 7 | Panathadi | 273/1APT | 0.272 |
| 8 | Panathadi | 273/1APT | 0.091 |
| 9 | Panathadi | 273/1APT | 0.375 |
| | | Total | 3.0532 |

7) District Collector, Kasargod should take further necessary action in this regard.

(By order of the Governor)
TINKU BISWAL
PRINCIPAL SECRETARY

The Accountant General,(A&E)/Audit, Kerala, Thiruvananthapuram.
Land Revenue Commissioner, Thiruvananthapuram
District Collector, Kasargod
Tahasildar, Vellarikund
Forest&Wild life Department
Genaral Administration(SC) Department (Vide item no.2661 dated 05.02.2025)
Information & Public Relations (Web & New Media) Department
The Stock File/Office Copy.

Forwarded /By order

Signed by
Kumari Sindhu S
Date: 10-02-2025 12:00:33
Section Officer

Copy to: PS to the Honourable Chief Minister
PS to the Honourable Minister for Revenue
PA to the Principal Secretary, Revenue Department
CA to the Additional Secretary, Revenue Department
Under Secretary

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 05-02-2025

ഫയൽ നം. എം3/80/2024/റവ.

ഇനം നം: 2661

വിഷയം : റവന്യൂ വകുപ്പ് - എടപ്പറമ്പ-കോളിച്ചാൽ മലയോര ഹൈവേയുടെ പരിഹാര വനവത്കരണത്തിനായി 4.332 ഹെക്ടർ ഭൂമി കേന്ദ്ര പരിസ്ഥിതി, വനം, കാലാവസ്ഥാ വ്യതിയാന മന്ത്രാലയം പുറപ്പെടുവിച്ച Guidelines പ്രകാരം സംസ്ഥാന വനം വകുപ്പിന്റെ പേരിൽ പോക്കുവരവ് ചെയ്യുന്നതിലേക്കായി ഉടമസ്ഥാവകാശം (ownership) വനംവകുപ്പിന് കൈമാറി നൽകുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

Saradaly

ശാരദ മുരളീധരൻ
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ വകുപ്പ്.

6/2

2661

**കേരള സർക്കാർ**

(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)

മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

| | | |
|---|---|---|
| 1. | ഫയൽ നമ്പർ | എം3/80/2024/റവ. |
| 2. | വകുപ്പ് | റവന്യൂ (എം) വകുപ്പ് |
| 3. | വിഷയം | എടപ്പറമ്പ -കോളിച്ചാൽ മലയോര ഹൈവേയുടെ പരിഹാര വനവത്കരണത്തിനായി 4.332 ഹെക്ടർ ഭൂമി കേന്ദ്ര പരിസ്ഥിതി, വനം, കാലാവസ്ഥ വ്യതിയാന മന്ത്രാലയം പുറപ്പെടുവിച്ച Guidelines പ്രകാരം സംസ്ഥാന വനം വകുപ്പിന്റെ പേരിൽ പോക്കുവരവ് ചെയ്യുന്നതിലേയ്ക്കായി ഉടമാസ്ഥാവകാശം (ownership) വനംവകുപ്പിന് കൈമാറി നൽകുന്നത് - സംബന്ധിച്ച് |
| 4. | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 26.10.2024 |
| 5. | i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ ?<br>ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിട്ടുണ്ടോ ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | അതെ<br>ഇല്ല |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഇല്ല |
| 7. | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | ശ്രീ. ഗോപകുമാർ ആർ. എൽ |
| 8. | കുറിപ്പ് സമർപ്പിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | ശ്രീമതി ടിങ്കു ബിസ്വാൾ |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി | 16.12.2024 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ശ്രീമതി ശാരദാ മുരളീധരൻ |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 15.01. 2025 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ. കെ.രാജൻ |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 20.01.2025 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 27/05/2025 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് / കത്തിന്റെ നമ്പരും തീയതിയും | |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

നിർദ്ദിഷ്ട മലയോര ഹൈവേയുടെ നിർമ്മാണത്തിനായി നഷ്ടമാകുന്ന വനഭൂമിക്ക് പകരം പരിഹാര വനവത്കരണത്തിനായി 4.332 ഹെക്ടർ ഭൂമി അനുവദിച്ചുകൊണ്ട് മന്ത്രിസഭായോഗത്തിന്റെ അനുമതിയോടെ പുറപ്പെടുവിച്ച 30.12.2022 ലെ സ.ഉ(കൈ) നം. 308/2022/ആർഡി ഉത്തരവ്, സ.ഉ (കൈ) നം. 71/2024/റവ തീയതി 06/04/2024 പ്രകാരം റദ്ദ് ചെയ്തിരുന്നു. ടി സാഹചര്യത്തിൽ എടപ്പറമ്പ -കോളിച്ചാൽ മലയോര ഹൈവേയുടെ പരിഹാര വനവത്കരണത്തിനായി Rebuild Kerala Development Programme വഴി ഏറ്റെടുത്ത 3.0532 ഹെക്ടർ ഭൂമിയും, മാലോത്ത് വില്ലേജിലെ സർവ്വേ നമ്പർ 199/പാർട്ടിൽ പെട്ട 1.2788 ഹെക്ടർ ഭൂമിയുടെ ചേർത്ത് ആകെ 4.332 ഹെക്ടർ ഭൂമി കേന്ദ്ര പരിസ്ഥിതി, വനം, കാലാവസ്ഥ വ്യതിയാന മന്ത്രാലയം പുറപ്പെടുവിച്ച Guidelines പ്രകാരം സംസ്ഥാന വനം വകുപ്പിന്റെ പേരിൽ പോക്കുവരവ് ചെയ്യുന്നതിലേയ്ക്കായി ഉടമസ്ഥാവകാശം (ownership) വനംവകുപ്പിന് കൈമാറി നൽകുന്നത് സംബന്ധിച്ചാണ് ഈ കുറിപ്പ്.

2) നിർദ്ദിഷ്ട മലയോര ഹൈവേയിൽ കാസർഗോഡ് ജില്ലയിൽ ഉൾപ്പെടുന്ന ആകെ 127.42 കി . മീ നീളമുള്ള നന്ദാരപദവ്-ചെറുപുഴ ഭാഗം വരെയുള്ളതും വനഭൂമിയിലൂടെ കടന്നു പോകുന്നതുമായ ഹൈവേയിൽ എടപ്പറമ്പ-കോളിച്ചാൽ വരെയുള്ള ഭാഗത്ത് നഷ്ടപ്പെടുന്ന 4.332 ഹെക്ടർ വനഭൂമിക്ക് പകരമായി പരിഹാര വനവത്കരണത്തിനായി വെള്ളരിക്കുണ്ട് താലൂക്ക്, ഭീമനടി വില്ലേജിലെ റീസർവ്വേ നം. 553-ൽ പ്പെട്ട 4.332 ഹെക്ടർ റവന്യൂ ഭൂമി കേന്ദ്ര പരിസ്ഥിതി, വനം, കാലാവസ്ഥാ വ്യതിയാന മന്ത്രാലയം പുറപ്പെടുവിച്ച Guidelines പ്രകാരം പരിഹാരവനവത്കരണത്തിനായി സംസ്ഥാന വനം വകുപ്പിന്റെ പേരിൽ പോക്കുവരവ് ചെയ്യുന്നതിലേക്കായി ഉടമസ്ഥാവകാശം (ownership) വനം വകുപ്പിന് കൈമാറി മന്ത്രിസഭായോഗത്തിന്റെ അനുമതിയോടെ 30.12.2022 ലെ സ.ഉ(കൈ)നം.308/2022/ആർഡി പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

3) ടി സർക്കാർ ഉത്തരവ് പ്രകാരം വനം വകുപ്പിന്റെ പേരിൽ പോക്കുവരവ് ചെയ്ത് കൈ മാറിയ 4.332 ഹെക്ടർ ഭൂമിയുടെ വിവരം സംസ്ഥാന വനംവകുപ്പ് c3/314/2023-FWLD തീയതി 18/09/23-ലെ കത്ത് പ്രകാരം 07/10/23 ൽ പരിവേഷ് പോർട്ടലിൽ upload ചെയ്തിരുന്നു. എന്നാൽ ഉടുപ്പി കാസർഗോഡ് ട്രാൻസ്മിഷൻ ലൈൻ ന്റെ വേണ്ടി പ്രൊപ്പോസ് ചെയ്ത 17.073 ഹെക്ടർ ഭൂമിയെ overlap ചെയ്താണ് മലയോര ഹൈവേയ്ക്ക് വേണ്ടി പരിഹാര വനവത്കരണം (CA) ചെയ്യുന്നതിന് ഭൂമി പ്രൊപ്പോസ് ചെയ്തത് എന്നും ആയതിനാൽ duplication അംഗീകരിക്കാനാവില്ലായെന്നും ഇന്റഗ്രേറ്റഡ് റീജിയണൽ ഓഫീസ് (IRO) ബാംഗ്ലൂർ, കേന്ദ്ര പരിസ്ഥിതി വനം കാലാവസ്ഥാ വ്യതിയാന മന്ത്രാലയം (MoEF&(C), ഗവ. ഓഫ് ഇൻഡ്യ (GoI) അറിയിച്ചിരുന്നു. Transmission line പ്രോജക്റ്റിനുള്ള CA യ്ക്ക വേണ്ടി സമർപ്പിച്ച പ്രൊപ്പോസലിന് Stage I അംഗീകാരം നൽകിയിട്ടുള്ളതായും അംഗീകരിച്ച കഴിഞ്ഞ പ്രൊപ്പോസലിന് മാറ്റം വരുത്താൻ സാധിക്കില്ലെന്നും

ആയതിനാൽ മലയോര ഹൈവേയുടെ പരിഹാരവനവൽക്കരണത്തിനായി മറ്റേതെങ്കിലും ഭൂമി പ്രൊപ്പോസ് ചെയ്യണമെന്നും കേന്ദ്ര സർക്കാരിന്റെ കത്തിൽ നിർദ്ദേശിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ സ.ഉ (കൈ) നം. 308/2022/റവ തീയതി 30/12/22 നം സർക്കാർ ഉത്തരവ് റദ്ദ് ചെയ്ത് ടി ഭൂമി ഉൾപ്പെടെ 17.073 ഹെക്ടർ ഭൂമി, കാസർഗോഡ് ജില്ലയിൽ ഉഡുപ്പി കാസർഗോഡ് ട്രാൻസ്മിഷൻ ലിമിറ്റഡ് 400 KV D/C Uduppi - Kasargod - Transmission Line സ്ഥാപിക്കുന്നതിനു വേണ്ടി ഡൈവർട്ട് ചെയ്യുന്ന 17.073 ഹെക്ടർ വനഭൂമിക്കു പകരം പരിഹാരവനവത്കരണത്തിനായി സംസ്ഥാന വനം വകുപ്പിന്റെ പേരിൽ പോക്കുവരവ് ചെയ്യുന്നതിലേയ്ക്കായി ഉടമസ്ഥാവകാശം വനം വകുപ്പിന് കൈമാറി സ ഉ (എം.എസ്)71/2024/റവ തീയതി 06/04/2024 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

4) മലയോര ഹൈവേയുടെ നിർമ്മാണത്തിനായി നഷ്ടമാകുന്ന വനഭൂമിക്ക് പരിഹാര വനവത്കരണത്തിനായി 4.332 ഹെക്ടർ ഭൂമി അനുവദിച്ചു കൊണ്ട് പുറപ്പെടുവിച്ച 30.12.2022 ലെ സ.ഉ(കൈ)നം.308/2022/ആർഡി ഉത്തരവ്, പിന്നീട് സ ഉ (എം.എസ്)71/2024/റവ തീയതി 06/04/2024 പ്രകാരം റദ്ദ് ചെയ്ത സാഹചര്യത്തിൽ എടപ്പറമ്പ-കോളിച്ചാൽ മലയോര ഹൈവേയുടെ പരിഹാര വനവത്കരണത്തിനായി 4.332 ഹെക്ടർ ഭൂമി വനം വകുപ്പിന് കൈമാറുന്നതിനുള്ള പുതുക്കിയ പ്രൊപ്പോസൽ കാസർഗോഡ് ജില്ലാ കളക്ടർ ലാൻഡ് റവന്യൂ കമ്മീഷണർ മുഖാന്തിരം ലഭ്യമാക്കിയിട്ടുണ്ട്.

5) കാസർഗോഡ് ജില്ലയിലെ അഡൂർ-മുച്ചംതുള്ളി സെറ്റിൽമെന്റിൽ 1.5379 ഹെക്ടർ ഭൂമിയും കാഞ്ഞങ്ങാട് ഓട്ടമല സെറ്റിൽമെന്റിൽ 2.1567 ഹെക്ടർ ഭൂമിയും (ആകെ 3.6946 ഹെക്ടർ)വനം വകുപ്പ് നഷ്ടപരിഹാരം നല്കി ഏറ്റെടുത്തതും റവന്യൂ ഭൂമിയാക്കി മാറ്റിയിട്ടുള്ളതുമാണ്. എന്നാൽ ആധാരപ്രകാരം 3.6946 ഹെക്ടർ ഭൂമിയുണ്ടെങ്കിലും വനം വകുപ്പിൽ നിന്നും ലഭ്യമായ കൈവശ സ്കെച്ച് പ്രകാരം 3.0532 ഹെക്ടർ ഭൂമിയാണുള്ളത്. കൈവശ സ്കെച്ച് പ്രകാരമുള്ള 3.0532 ഹെക്ടർ ഭൂമി അനുവദിക്കുകയാണെങ്കിൽ പരിവേഷ് പോർട്ടലിൽ യൂസർ ഏജൻസി വഴി അപ്ലോഡ് ചെയ്യാമെന്ന് ഡി.എഫ്.ഒ അറിയിച്ചിട്ടുള്ളതായി ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

6) മലയോര ഹൈവേയുടെ നിർമ്മാണത്തിനായി നഷ്ടമാകുന്ന വനഭൂമിക്ക് പകരം പരിഹാര വനവത്കരണത്തിനായി നല്കേണ്ടത് 4.332 ഹെക്ടർ ഭൂമിയാണ്. വനംവകുപ്പ് ഏറ്റെടുത്ത് റവന്യൂ ഭൂമിയാക്കി നില നിർത്തിയ 3.0532 ഹെക്ടർ ഭൂമിയും വെള്ളരിക്കുണ്ട് താലൂക്കിലെ മാലോത്ത് വില്ലേജിലെ സർവേ നമ്പർ 199/പാർട്ടിൽ പെട്ട 1.2788 ഹെക്ടർ ഭൂമിയും ചേർത്ത് ആകെ 4.332 ഹെക്ടർ ഭൂമി പരിഹാര വനവത്കരണത്തിനായി കണ്ടെത്തിയിട്ടുണ്ട്. എടപ്പറമ്പ-കോളിച്ചാൽ മലയോര ഹൈവേയുടെ പരിഹാര വനവത്കരണത്തിനായി Rebuild Kerala Development Programme

വഴി ഏറ്റെടുത്ത 3.0532 ഹെക്ടർ ഭൂമിയും മാലോത്ത് വില്ലേജിലെ സർവ്വേ നമ്പർ 199/പാർട്ടിൽ പെട്ട 1.2788 ഹെക്ടർ ഭൂമിയും ചേർത്ത് ആകെ 4.332 ഹെക്ടർ ഭൂമി വനം വകുപ്പിന് കൈമാറുന്നതിനുള്ള പ്രൊപ്പോസൽ ജില്ലാ കളക്ടർ ലാൻഡ് റവന്യൂ കമ്മീഷണർ മുഖാന്തിരം സമർപ്പിച്ചിട്ടുണ്ട്. ആയത് ലാൻഡ് റവന്യൂ കമ്മീഷണർ ശുപാർശ ചെയ്യുകയും ചെയ്തിട്ടുണ്ട്.

7) Forest (Conservation) Act 1980, Forest Conservation Rules, 2003 എന്നിവയിന്മേൽ വ്യക്തത വരുത്തിക്കൊണ്ട് പരിസ്ഥിതി, വനം, കാലാവസ്ഥാ വ്യതിയാന മന്ത്രാലയം പുറപ്പെടുവിച്ച മാർഗ്ഗ നിർദ്ദേശങ്ങളിൽ താഴെപ്പറയും പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്:-

"Any non-forest land for the purpose of Compensatory Afforestation (CA) selected by the State Government,in lieu of forest land to be diverted may be accepted by MoEF&CC irrespective of crown density .All such lands shall be mutated in favour of State Forest Department and declared as protected forest prior to Stage -1 approval."

ആയത് പ്രകാരം പരിഹാര വനവത്കരണത്തിനായി നല്കുന്ന ഭൂമി സംസ്ഥാന വനം വകുപ്പിന്റെ പേരിൽ പോക്കുവരവ് ചെയ്യേണ്ടതാണ്. എന്നാൽ സേവന വകുപ്പുകൾ തമ്മിൽ കൈമാറ്റം ചെയ്യപ്പെടുന്ന എല്ലാ സർക്കാർ ഭൂമികളും കേരള ഭൂസംരക്ഷണ നിയമത്തിന്റെ പരിരക്ഷ ലഭിക്കും വിധം സർക്കാർ വക പുറമ്പോക്കാക്കി റവന്യൂ രേഖകളിൽ നിലനിർത്തേണ്ടതും 1966 ലെ പോക്കുവരവ് ചട്ടങ്ങളിലെ നടപടികൾ യാതൊരു കാരണവശാലും സ്വീകരിക്കാവുന്നതുമല്ല.

8) ഈ കേസിൽ രണ്ട് സേവന വകുപ്പുകൾ തമ്മിലുള്ള ഭൂമി കൈമാറ്റവ്യവസ്ഥകൾ പ്രകാരമല്ല പരിഹാര വനവത്കരണത്തിനായി വനം വകുപ്പിന് ഭൂമി കൈമാറി നല്കേണ്ടത്( ഉപയോഗാനുമതി) .പകരം പരിസ്ഥിതി, വനം, കാലാവസ്ഥാ വ്യതിയാന മന്ത്രാലയം പുറപ്പെടുവിച്ച Guidelines പ്രകാരം പരിഹാര വനവത്കരണത്തിനായി നല്കുന്ന ഭൂമി സംസ്ഥാന വനം വകുപ്പിന്റെ പേരിൽ പോക്കുവരവ് ചെയ്യുന്നതിലേക്കായി ഉടമസ്ഥാവകാശം (ownership) വനം വകുപ്പിന് കൈമാറി നല്കുകയാണ് ചെയ്യേണ്ടത് എന്ന് കാണുകയുണ്ടായി.

9) മേൽ വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിനുള്ള അനുമതിയ്ക്കായി ഫയൽ ബഹു. റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി മുഖേന ബഹു. മുഖ്യമന്ത്രിക്ക് ചംക്രമണം ചെയ്തപ്പോൾ മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിന് ബഹു.മുഖ്യമന്ത്രി ഉത്തരവായി.

## തീരുമാനിക്കേണ്ട വിഷയം

മലയോര ഹൈവേയുടെ നിർമ്മാണത്തിനായി നഷ്ടമാകുന്ന വനഭൂമിക്ക് പകരം പരിഹാര വനവത്കരണത്തിനായി 4.332 ഹെക്ടർ ഭൂമി അനുവദിച്ചു കൊണ്ട് മന്ത്രിസഭായോഗത്തിന്റെ അനുമതിയോടെ പുറപ്പെടുവിച്ച 30.12.2022 ലെ സ.ഉ (കൈ) നം.308/2022/ആർഡി ഉത്തരവ്, സ.ഉ.(എം.എസ്) 71/2024/റവ തീയതി 06/04/2024 പ്രകാരം റദ്ദ് ചെയ്തിട്ടുണ്ട്. പ്രസ്തുത സാഹചര്യത്തിൽ എടപ്പറമ്പ –കോളിച്ചാൽ മലയോര ഹൈവേയുടെ പരിഹാര വനവത്കരണത്തിനായി Rebuild Kerala Development Programme വഴി ഏറ്റെടുത്ത കാസർഗോഡ് ജില്ലയിലെ ആദ്ദൂർ –മുച്ചംതുള്ളി സെറ്റിൽമെന്റ്, കാഞ്ഞങ്ങാട് ഓട്ടമല സെറ്റിൽമെന്റ് എന്നിവയിൽപ്പെട്ടതും ആദ്ദൂർ, അട്ടൂർ, ദേലംപാടി, പനത്തടി എന്നീ വില്ലേജുകളിലെ വിവിധ സർവ്വെ നമ്പരുകളിൽപ്പെട്ട (വില്ലേജ്,സർവ്വെ നമ്പർ, ഭൂമിയുടെ വിസ്തൃതി എന്നിവ അനുബന്ധം ആയി ചേർക്കുന്നു. ) 3.0532 ഹെക്ടർ ഭൂമിയും മാലോത്ത് വില്ലേജിലെ സർവ്വേ നമ്പർ 199/പാർട്ടിൽ പെട്ട 1.2788 ഹെക്ടർ ഭൂമിയും ചേർത്ത് ആകെ 4.332 ഹെക്ടർ ഭൂമി കേന്ദ്ര പരിസ്ഥിതി, വനം, കാലാവസ്ഥ വ്യതിയാന മന്ത്രാലയം പുറപ്പെടുവിച്ച Guidelines പ്രകാരം സംസ്ഥാന വനം വകുപ്പിന്റെ പേരിൽ പോക്കുവരവ് ചെയ്യുന്നതിലേയ്ക്കായി ഉടമസ്ഥാവകാശം (ownership) (വനം വകുപ്പിന് കൈമാറി നൽകാവുന്നതാണോ ?

# അനുബന്ധം

| ക്രമ നം. | വില്ലേജ് | സർവേ നം. | ഭൂമിയുടെ വിസ്തൃതി കൈവശം (Hectare ) |
|---|---|---|---|
| 1 | ആദൂർ | 610/1 B | 0.4755 |
| 2 | അടൂർ | 832/1 D | 0.38 |
| 3 | ദേലംപാടി | 271/1 PT1, 271/1, 271/1 PT2 | 0.7087 |
| 4 | പനത്തടി | 273/1APT | 0.356 |
| 5 | പനത്തടി | 273/1APT | 0.304 |
| 6 | പനത്തടി | 273/1APT | 0.091 |
| 7 | പനത്തടി | 273/1APT | 0.272 |
| 8 | പനത്തടി | 273/1APT | 0.091 |
| 9 | പനത്തടി | 273/1APT | 0.375 |
| ആകെ | | | 3.0532 |